"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - '**ചങ്ങനാശ്ശേരി വാഴപ്പള്ളി പഞ്ചായത്തിലെ ആസ്സപാലം മുതൽ വെട്ടിഉരുത്ത് റോഡ് നവീകരണം**' എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.1208/2025/LSGD തീയതി,തിരുവനന്തപുരം, 16-05-2025

---

പരാമർശം:- 1) 31.08.2024-ലെ സ.ഉ.(സാധാ.)നം.6616/2024/ധന.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23.01.2025-ലെ LSGD/PD/43319/2024-DB6-നമ്പർ കത്ത്

ഉത്തരവ്

2024-2025 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റ് അനുബന്ധം II- (വാല്യം-I)-ൽ ക്രമനമ്പർ 1170 ആയി 50 ലക്ഷം രൂപ എസ്റ്റിമേറ്റും 20% വിഹിതവും അനുവദിച്ച് പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പുമാക്കിയ '**ചങ്ങനാശ്ശേരി തൃക്കൊടിത്താനം പഞ്ചായത്തിൽ കൊക്കോട്ട് ചിറ- സാംസ്കാരിക നിലയം-മണിമുറി റോഡ് നവീകരണം**' എന്ന പ്രവൃത്തിക്ക് പകരം ക്രമ നമ്പർ 1889 ആയി ഉൾപ്പെടുത്തി ടോക്കൺ പ്രൊവിഷൻ മാത്രം അനുവദിച്ചിട്ടുള്ള '**ചങ്ങനാശ്ശേരി വാഴപ്പള്ളി പഞ്ചായത്തിലെ ആസ്സപാലം മുതൽ വെട്ടിരുരുത്ത് റോഡ് നവീകരണം**'എന്ന പ്രവൃത്തി ഉൾപ്പെടുത്തി തദ്ദേശസ്വയം ഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി പരാമർശം (1) പ്രകാരം ഭേദഗതി ഉത്തരവ് ലഭിച്ചിരുന്നു. ടി പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2024-25 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II-ൽ ക്രമ നമ്പർ.1170 ആയി 50 ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 20% തുക വകയിരുത്തി ഉൾപ്പെടുത്തിയ '**ചങ്ങനാശ്ശേരി തൃക്കൊടിത്താനം പഞ്ചായത്തിൽ കൊക്കോട്ട് ചിറ- സാംസ്കാരിക നിലയം-മണിമുറി റോഡ് നവീകരണം**' എന്ന പ്രവൃത്തിക്ക് പകരമായി പരാമർശം (1) പ്രകാരമുള്ള ഭേദഗതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ **"ചങ്ങനാശ്ശേരി വാഴപ്പള്ളി പഞ്ചായത്തിലെ ആസ്സപാലം മുതൽ വെട്ടിഉരുത്ത് റോഡ് നവീകരണം"** എന്ന പ്രവൃത്തിയുടെ 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92(NP)-എന്ന ശീർഷകത്തിൽനിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.(E:3055098/DEV-3/37/2025-Fin dated 06.05.2025) (AS/LGD/25/42100, കാലാവധി 7/5/2028)

ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഡയറക്ടർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി ,തിരുവനന്തപുരം

കരുതൽ ഫയൽ. (DB2/54/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
Date: 16-05-2025 16:11:51

സെക്ഷൻ ഓഫീസർ